1984 മാർച്ച് മുതൽ കൈത്തറി സഹകരണസംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ കൊടുത്തുതീർക്കാനുള്ള തുക

241 [263] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി സഹകരണസംഘങ്ങൾക്ക് 1984 മാർച്ച് മുതൽ 1986 മെയ്മാസം 31 വരെ റിബേറ്റ് ഇനത്തിൽ എന്തുതുക കൊടുത്തുതീർക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ ഹാൻറക്സിന് കൊടുത്തു തീർക്കാനുള്ള തുക എത്ര;

(സി) റിബേറ്റിനത്തിൽ കൊടുത്തുതീർക്കാനുള്ള തുക എന്നു കൊടുത്തുതീർക്കും?

ഉത്തരം

(എ) 1986 ഏപ്രിലിനുശേഷമുള്ള ക്ലെയിംസ് ലഭിച്ചിട്ടില്ല. 31-3-1986 വരെയുള്ള കുടിശ്ശികയിൽ 309 ലക്ഷം രൂപ കൊടുത്തു തീർക്കാനുണ്ട്.

(ബി) 31-3-1986-ലെ കുടിശ്ശികയിൽ 1986 മെയ്മാസത്തിൽ നൽകിയ മുപ്പതു ലക്ഷം രൂപ കഴിച്ച് ബാക്കി മുപ്പത്തിമൂന്നു ലക്ഷം രൂപ.

(സി) 1986 മാർച്ച് വരെയുള്ള കുടിശ്ശിക മുഴുവൻ ഈ സാമ്പത്തികവർഷത്തിൽതന്നെ കൊടുത്തുതീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

31-5-1986 വരെ കൈത്തറി സഹകരണ സംഘങ്ങൾക്ക് കൊടുത്തു തീർക്കാനുള്ള റിബേറ്റ്

242 [264] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് റിബേറ്റ് വകയിൽ 31-5-1986 വരെ എത്ര സംഖ്യ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങൾക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശിക അടിയന്തിരമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1986 ഏപ്രിൽ ഒന്നുമുതലുള്ള റിബേറ്റിനത്തിൽ സഹകരണസംഘങ്ങളുടെ ക്ലെയിംസ് ലഭിച്ചിട്ടില്ല. 31-3-1986 വരെയുണ്ടായിരുന്ന കുടിശ്ശികയിൽ ഈ വർഷം നൽകിയതുകഴിച്ച് ബാക്കി 309 ലക്ഷം രൂപ.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly